**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2534** **12-10-2021 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിസിറ്റി (അമെന്റ്മെന്റ്) ബിൽ 2021**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിസിറ്റി (അമെന്റ്മെന്റ്) ബിൽ 2021 മുഖേന കേന്ദ്ര സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ഭേദഗതിയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | വൈദ്യുതി വിതരണ ലൈസൻസ് ആവശ്യമില്ല എന്നതാണ് പ്രധാന ഭേദഗതി നിർദ്ദേശങ്ങളിൽ ഒന്ന്. സംസ്ഥാന സർക്കാരിൽ നിന്നോ, സംസ്ഥാന റഗുലേറ്ററി കമ്മീഷനിൽ നിന്നോ യാതൊരു ലൈസൻസോ, അനുമതിയോ വാങ്ങാതെ ഏതു കമ്പനിക്കും, എവിടെയും ഉപഭോക്താവിനെ കണ്ടെത്തി പൊതുമേഖല നിർമ്മിച്ച നിലവിലുള്ള വൈദ്യുതി ശൃംഖല ഉപയോഗിച്ച് തന്നെ വൈദ്യുതി വിതരണം നടത്താൻ കഴിയും വിധമുള്ള ഒരു നിർദ്ദേശമാണ്ഇത്. ഭേദഗതി നിർദ്ദേശ പ്രകാരം ഒരു പ്രദേശത്ത് ഒന്നിൽ കൂടുതൽ വിതരണ കമ്പനികൾ ഉണ്ടാകാം. ശൃംഖലാ വികസനം ആരുടെ ചുമതല ആണെന്നും ഇതിനുള്ള പണം എങ്ങനെ കണ്ടെത്തും എന്നതും വ്യക്തമല്ല. ഒരു പ്രദേശത്തിൽ ഒന്നിലധികം വിതരണ കമ്പനികൾ ഉണ്ടാകുന്ന സാഹചര്യത്തിൽ Universal Service Obligation Fund (USOF) രൂപീകരിക്കണമെന്നും പ്രസ്തുത ഫണ്ട് ഒരു സർക്കാർ കമ്പനിയോ, അല്ലെങ്കിൽ ക്രമീകരണമോ കൈകാര്യം ചെയ്യണമെന്നും കരട് നിർദ്ദേശം വിഭാവനം ചെയ്യുന്നു. ഏതെങ്കിലും വിതരണ കമ്പനിയുടെ പക്കൽ ക്രോസ്-സബ്സിഡി, ക്രോസ്-സബ്സിഡി സർചാർജ്ജ്, അധിക സർചാർജ്ജ് ഇനങ്ങളിൽ അധിക തുക ലഭ്യമാകുന്ന പക്ഷം പ്രസ്തുത അധിക തുക Universal Service Obligation Fund ലേക്ക്മാറ്റണം എന്നും ഈ ഫണ്ടിൽ നിന്നും ക്രോസ്സ സബ്സിഡി നൽകാൻ ആവശ്യമായ തുക കണ്ടെത്തണം എന്നുമാണ് പറഞ്ഞിട്ടുള്ളത്. നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ പ്രദേശത്തെ മറ്റ് വിവിധ വിതരണ കമ്പനികളുമായി പങ്കുവയ്ക്കേണ്ടതാണ്. ഡീ-ലൈസൻസിങ്ങ് ഉൾപ്പെടെയുള്ള ഭേദഗതികൾ സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ മാത്രമായോ ഘട്ടംഘട്ടമായോ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന് അവസരം ഉണ്ടാകില്ല. |

| | | | |
|---|---|---|---|
| (ബി) | ഡീ ലൈസൻസിംഗിലൂടെ വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിന് ആക്കം കൂട്ടുമെന്ന് കരുതപ്പെടുന്ന ഈ ഭേദഗതി നിർദ്ദേശത്തെ സംസ്ഥാന സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. വൈദ്യുതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ കെ.എസ്.ഇ.ബി ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20.02.2021ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യ കാരണ സഹിതം 15.3.2021 തീയതിയിലെ കത്ത് പ്രകാരം (ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ കത്ത് നമ്പർ D.O.No.A1/131/2020/PD) രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി 23.07.2021 തീയതിയിലെ 272/M(Ele)/L/2021 കത്ത് പ്രകാരം ഡീ-ലൈസൻസിംഗം, തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ട പ്രകാരം നടത്താൻ ഇടയുള്ള ഉപഭോക്താക്കളുടെ തിരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം കെ.എസ്.ഇ.ബി ക്ക് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും, കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനതത്വത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 30.08.2021ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു മുൻപ് 17.02.2021 തീയതി കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രി വിവിധ സംസ്ഥാന ഊർജ്ജ വകുപ്പ് സെക്രട്ടറിമാരും ഉത്പാദന-പ്രസരണ-വിതരണ കമ്പനികളുടെ മേധാവികളുമായി നടത്തിയ ഓൺലൈൻ മീറ്റിങ്ങിലും |

| | | | |
|---|---|---|---|
| | | | ബഹുമാനപ്പെട്ട പ്രധാനമന്ത്രി 18.02.2021 തീയതിയിൽ നടത്തിയ വെബിനാറിലും പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച പരാമർശങ്ങൾ ഉണ്ടായിരുന്നു. തദവസരങ്ങളിലും കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ തങ്ങളുടെ ആശങ്കകളും ബദൽ നിർദ്ദേശങ്ങളും അവതരിപ്പിക്കുകയുണ്ടായി. |
| (സി) | സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് ഇതുമൂലം കൈവരിയ്ക്കാനാകുന്ന നേട്ടങ്ങളും ഉണ്ടാകുന്ന നഷ്ടങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ;? | (സി) | ഡീ-ലൈസൻസിങ്ങ് ഉൾപ്പെടെയുള്ള കേന്ദ്ര വൈദ്യുതി നിയമത്തിലെ ഭേദഗതി നിർദ്ദേശങ്ങൾ വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിന് ആക്കം കൂട്ടുന്നവയാണ് എന്ന് വിലയിരുത്തപ്പെടുന്നു. ഉപഭോക്താവിന് ഇഷ്ടാനുസരണം സേവനദാതാവിനെ തെരഞ്ഞെടുക്കാം എന്നും അതിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്താൻ സാധിക്കും എന്ന മിഥ്യാധാരണ നൽകുന്ന നിർദ്ദേശങ്ങൾ യഥാർത്ഥത്തിൽ സേവനദാതാവിനാണ് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നത്. കരട് നിർദ്ദേശത്തിൽ മുന്നോട്ട് വച്ചിട്ടുള്ള Universal Service Obligation Fund (USOF) അപ്രായോഗികമാണ് എന്ന് കരുതുന്നു. ഇത് നിലവിലെ ക്രോസ് – സബ്സിഡി സംവിധാനത്തെ അട്ടിമറിക്കും. ഇതുമൂലം ഭാവിയിൽ ദുർബലവിഭാഗങ്ങൾക്ക് സബ്സിഡി നൽകാൻ സംസ്ഥാന സർക്കാരുകൾക്ക് താങ്ങാനാകാത്ത അധിക ബാധ്യത വരുമെന്നതിനാൽ അവർക്ക് വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതി വരുമെന്ന് കരുതുന്നു. വർഷങ്ങൾ കൊണ്ട് മാത്രം മുതൽ മുടക്ക് വീണ്ടെടുക്കാൻ സാധിക്കുന്ന ശൃംഖല വികസന പദ്ധതികളിൽ പണം മുടക്കാൻ സ്വകാര്യ നിക്ഷേപകർ തയ്യാറാകില്ല. ഇത് ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽ ചടങ്ങ് വർദ്ധിക്കാനും ഇടയാകും. വോൾട്ടേജ് ഇല്ലായ്മ, അടിക്കടി ഉണ്ടാകുന്ന വൈദ്യുതി മുടക്കം , ശൃംഖലയുടെ ശേഷി കുറവ് മൂലം ഉണ്ടാകുന്ന ലോഡ്ഷെഡ്ഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥ ആകും. ലാഭേച്ഛ കൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതെയാകും എന്ന് ഭയപ്പെടുന്നു. നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം കെ.എസ്.ഇ.ബി-യ്ക്ക് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ എന്നിവ ആശങ്ക ഉളവാക്കുന്നു. |

സെക്ഷൻ ഓഫീസർ